## മധുരമായ കുട്ടികളെ - നിങ്ങളുടെ സമയം വളരെ അമൂല്യമാണ്, അതുകൊണ്ട് വ്യർത്ഥ കാര്യങ്ങളിൽ തന്റെ സമയം നഷ്ടപ്പെടുത്തരുത്.

**ചോദ്യം -** മനുഷ്യനിൽ നിന്ന് ദേവതയായി മാറുന്നതിന് വേണ്ടി ബാബയിൽ നിന്ന് ഏതൊരു ശ്രീമതമാണ് ലഭിച്ചിട്ടുള്ളത്?
**ഉത്തരം -** കുട്ടികളെ, നിങ്ങൾ മനുഷ്യനിൽ നിന്ന് ദേവതയായി മാറുകയാണെന്നതിനാൽ യാതൊരു ആസുരീയ സ്വഭാവവുമുണ്ടാകരുത്, 2. ആരോടും ക്രോധിക്കരുത്, 3. ആർക്കും ദു:ഖം നൽകരുത്, 4. യാതൊരു വ്യർത്ഥ കാര്യവും കാതിലൂടെ കേൾക്കരുത്. ബാബയുടെ ശ്രീമതമാണ് മോശമായത് കേൾക്കരുത്........

**ഓം ശാന്തി**. നിങ്ങൾ കുട്ടികൾ ഇരിപ്പ് വളരെ ലളിതമാണ്. എവിടെ വേണമെങ്കിലും ഇരിക്കാം. കാട്ടിലോ പർവ്വതത്തിന് മുകളിലോ വീട്ടിലോ കുടിലിലോ എവിടെ വേണമെങ്കിലും ഇരിക്കാൻ കഴിയുന്നു. അങ്ങനെ ഇരിക്കുന്നതിലൂടെ നിങ്ങൾ കുട്ടികൾക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നു. നിങ്ങൾ കുട്ടികൾക്കറിയാം ഇപ്പോൾ നമ്മൾ മനുഷ്യർ, ഭാവിയിലെ ദേവതയായി മാറികൊണ്ടിരിക്കുകയാണ്. നമ്മൾ മുള്ളിൽ നിന്നും പുഷ്പമായി മാറികൊണ്ടിരിക്കുകയാണ്. ബാബ തോട്ടമുടമസ്ഥനാണ്, ഉദ്യാനപാലകനുമാണ്. നമ്മൾ ബാബയെ ഓർമ്മിക്കുന്നതിലൂടെയും 84 ന്റെ ചക്രം കറക്കുന്നതിലൂടെയും ട്രാൻസ്ഫറായികൊണ്ടിരിക്കുകയാണ്. ഇവിടെയിരുന്നാലും എവിടെ ഇരുന്നാലും നിങ്ങൾ ട്രാൻസ്ഫറായി-ആയി മനുഷ്യനിൽ നിന്ന് ദേവതയായി മാറുന്നു. ബുദ്ധിയിൽ ലക്ഷ്യമുണ്ട്, നമ്മൾ ഇതായി മാറികൊണ്ടിരിക്കുകയാണ്. എന്ത് ജോലി വേണമെങ്കിലും ചെയ്തോളൂ, ഭക്ഷണം ഉണ്ടാക്കിക്കോളൂ, കേവലം ബുദ്ധിയിൽ ബാബയെ ഓർമ്മിക്കൂ. കുട്ടികൾക്ക് ഈ ശ്രീമതം ലഭിച്ചിരിക്കുകയാണ്-നടക്കുമ്പോഴും കറങ്ങുമ്പോഴും എല്ലാം ചെയ്തും കേവലം ഓർമ്മയിലിരിക്കൂ. ബാബയെ ഓർമ്മിക്കുന്നതുകൊണ്ട് സമ്പത്തും ഓർമ്മ വരുന്നു, 84 ന്റെ ചക്രത്തിന്റെയും ഓർമ്മ വരുന്നു. ഇതിൽ വേറെ എന്ത് ബുദ്ധിമുട്ടാണുള്ളത്, ഒന്നുമില്ല. നമ്മളെപ്പോൾ ദേവതയായി മാറുന്നുവോ, അപ്പോൾ യാതൊരു തരത്തിലുമുള്ള ആസുരീയ സ്വഭാവവുമുണ്ടാകരുത്. ആരോടും ക്രോധിക്കരുത്, ആർക്കും ദു:ഖം കൊടുക്കരുത്, യാതൊരു വ്യർത്ഥകാര്യവും കാതിലൂടെ കേൾക്കരുത്. കേവലം ബാബയെ ഓർമ്മിക്കൂ. ബാക്കി ലോകത്തിന്റെ അനാവശ്യ കാര്യങ്ങൾ ഒരുപാട് കേട്ടു. പകുതി കല്പമായി ഇതെല്ലാം കേട്ട് കേട്ട് നിങ്ങൾ താഴെ വീണു. ബാബയിപ്പോൾ പറയുകയാണ് ഈ അനാവശ്യ കാര്യങ്ങൾ ചെയ്യരുത്. ഇന്നയാൾ അങ്ങനെയാണ്, ഇവരിൽ ഇതുണ്ട്. യാതൊരു വ്യർത്ഥമായ കാര്യങ്ങളും ചെയ്യരുത്. ഇത് തന്റെ സമയം നഷ്ടപ്പെടുത്തലാണ്. നിങ്ങളുടെ സമയം വളരെ അമൂല്യമാണ്. പഠിപ്പിലൂടെ മാത്രമാണ് തന്റെ മംഗളമുണ്ടാവുന്നത്, ഇതിലൂടെ മാത്രമാണ് പദവി നേടുന്നതും. ആ പഠിപ്പിൽ വളരെയധികം പ്രയത്നിക്കേണ്ടി വരുന്നു, പരീക്ഷ പാസ്സാകാൻ വിദേശത്തേയ്ക്ക് പോകുന്നു. നിങ്ങൾക്കാണെങ്കിൽ യാതൊരു ബുദ്ധിമുട്ടും നൽകുന്നില്ല. ബാബ ആത്മാക്കളോട് പറയുകയാണ് അച്ഛനായ എന്നെ ഓർമ്മിക്കൂ, അടുത്ത് ആളുകളിരിക്കുന്നുണ്ടാകും, എങ്കിലും ബാബയുടെ ഓർമ്മയിലിരിക്കൂ. ഓർമ്മയിലിരുന്നിരുന്ന് നിങ്ങൾ മുള്ളിൽ നിന്ന് പുഷ്പമായി മാറുന്നു. എത്ര നല്ല യുക്തിയാണ്, അതുകൊണ്ട് ബാബയുടെ ശ്രീമതത്തിലൂടെ നടക്കണമല്ലോ. ഓരോരുത്തർക്കും വേറെ-വേറെ രോഗമുണ്ടാകുന്നു. അതിനാൽ ഓരോ രോഗത്തിനും സർജനുണ്ട്. വലിയ-വലിയ ആളുകൾക്ക് പ്രത്യേകം സർജനുണ്ടായിരിക്കുമല്ലോ. നിങ്ങളുടെ സർജനാരാണ്? ഭഗവാൻ. അദ്ദേഹം അവിനാശീ സർജനാണ്. പറയുകയാണ് ഞാൻ നിങ്ങളെ പകുതി കല്പത്തേയ്ക്ക് നിരോഗിയാക്കി മാറ്റുന്നു. കേവലം എന്നെ ഓർമ്മിക്കുകയാണെങ്കിൽ വികർമ്മം വിനാശമാകും. പിന്നീട് 21 ജന്മത്തേയ്ക്ക് യാതൊരു രോഗവുമുണ്ടാകില്ല. ആത്മാവ് അവിനാശിയാണ്, ശരീരമാണ് രോഗിയാവുന്നത്. അനുഭവിക്കുന്നത് ആത്മാവാണല്ലോ. അവിടെ പകുതി കല്പം നിങ്ങൾ ഒരിക്കലും രോഗിയാവുന്നില്ല. കേവലം ഓർമ്മയിൽ തല്പരരായിരിക്കൂ. കുട്ടികൾക്ക് സേവനം ചെയ്യുക തന്നെ വേണം. പ്രദർശിനിയിൽ സേവനം ചെയ്ത്-ചെയ്ത് കുട്ടികളുടെ തൊണ്ട വരണ്ടു പോകുന്നു. പിന്നെ ചില കുട്ടികൾ മനസ്സിലാക്കുന്നു നമ്മൾ സേവനം ചെയ്ത്-ചെയ്ത് ബാബയുടെയടുത്തേയ്ക്ക് പോകും. ഇതും വളരെ നല്ലതാണ്, സേവനത്തിന്റെ രീതി. കുട്ടികൾക്ക് പ്രദർശിനികളിലും മനസ്സിലാക്കി കൊടുക്കണം. പ്രദർശിനിയിൽ ആദ്യമാദ്യം ഈ ലക്ഷ്മീ നാരായണന്റെ ചിത്രം കാണിച്ചുകൊടുക്കണം. ഇത് ഏ വൺ ചിത്രമാണ്. ഭാരതത്തിൽ 5000 വർഷങ്ങൾക്കു മുമ്പ് ഇവരുടെ രാജ്യമായിരുന്നു. അളവറ്റ സമ്പത്തുണ്ടായിരുന്നു. പവിത്രത-സുഖം-ശാന്തി എല്ലാമുണ്ടായിരുന്നു. പക്ഷെ ഭക്തിമാർഗ്ഗത്തിൽ സത്യയുഗത്തിന് ലക്ഷക്കണക്കിന് വർഷം നൽകിയിരിക്കുന്നു, അതിനാൽ എല്ലാ കാര്യങ്ങളും എങ്ങനെ ഓർമ്മ വരും, ഈ ലക്ഷ്മീ നാരായണന്റെ ഒന്നാന്തരം ചിത്രമാണ്. സത്യയുഗത്തിൽ 1250 വർഷം ഈ രാജവംശം രാജ്യം ഭരിച്ചിരുന്നു. മുമ്പ് നിങ്ങളും അറിഞ്ഞിരുന്നില്ല. ബാബയിപ്പോൾ നിങ്ങൾക്ക് സ്മൃതിയുണർത്തി തരികയാണ്

നിങ്ങൾ മുഴുവൻ വിശ്വത്തിലും രാജ്യം ഭരിച്ചിരുന്നു, നിങ്ങളെന്താ മറന്നു പോയോ. 84 ജന്മങ്ങളും നിങ്ങളെടുത്തു. നിങ്ങൾ തന്നെയായിരുന്നു സൂര്യവംശികൾ. പുനർജന്മവും എടുത്തിട്ടുണ്ട്. 84 ജന്മങ്ങളെങ്ങനെ നിങ്ങളെടുത്തൂ. ഇത് മനസ്സിലാക്കാനുള്ള വളരെ സിമ്പിളായ കാര്യമാണ്. താഴെയിറങ്ങി വന്നു, ബാബയിപ്പോൾ വീണ്ടും കയറുന്ന കലയിലേയ്ക്ക് കൊണ്ടു പോവുകയാണ്. പാടാറുമുണ്ട് അങ്ങയുടെ കയറുന്ന കലയിലൂടെ എല്ലാവരുടെയും മംഗളമുണ്ടാകുന്നു. പിന്നീട് ശംഖ് മുതലായവ മുഴക്കുന്നു. ജയാരവമുണ്ടാകുമെന്ന് ഇപ്പോൾ നിങ്ങൾക്കറിയാം, പാക്കിസ്ഥാനിൽ നോക്കൂ എന്താണ് സംഭവിച്ചതെന്ന് – എല്ലാവരുടെ മുഖത്തു നിന്നും ഇത് പുറത്തു വന്നിട്ടുണ്ടായിരുന്നു അല്ലയോ ഭഗവാനെ, അല്ലയോ രാമാ ഇപ്പോൾ എന്താവും. ഇപ്പോൾ വിനാശമാണെങ്കിൽ വളരെ വലുതാണ്, പിന്നീട് പുറകെ ജയജയാരവമുണ്ടാകും. ബാബ കുട്ടികൾക്ക് മനസ്സിലാക്കി തരുകയാണ് – ഈ പരിധിയില്ലാത്ത ലോകത്തിന്റെ വിനാശമിപ്പോൾ നടക്കുകയാണ്. പരിധിയില്ലാത്ത ബാബ നിങ്ങൾക്ക് പരിധിയില്ലാത്ത ജ്ഞാനം കേൾപ്പിക്കുകയാണ്. പരിധിയുള്ള കാര്യങ്ങളുടെ ചരിത്രവും ഭൂമിശാസ്ത്രവും കേട്ടു വന്നു. ലക്ഷ്മീ നാരായണൻ എങ്ങനെയാണ് രാജ്യം ഭരിച്ചിട്ടുണ്ടായിരുന്നതെന്ന് ആർക്കും അറിയുമായിരുന്നില്ല. ഇവരുടെ ചരിത്രവും ഭൂമിശാസ്ത്രവുമൊന്നും ആർക്കും അറിയില്ല. നിങ്ങൾ നല്ല രീതിയിൽ അറിയുന്നു – ഇത്ര ജന്മം രാജ്യം ഭരിച്ചു പിന്നീട് ഈ ധർമ്മമുണ്ടാകുന്നു, ഇതിനെയാണ് പറയുന്നത് ആത്മീയ ജ്ഞാനമെന്ന്, അത് ആത്മീയ അച്ഛനിരുന്ന് കുട്ടികൾക്ക് നൽകുകയാണ്. അവിടെ മനുഷ്യർ മനുഷ്യരെ പഠിപ്പിക്കുകയാണ്, ഇവിടെ നമ്മൾ ആത്മാക്കളെ പരമാത്മാവ് തനിക്കു സമാനമാക്കി മാറ്റികൊണ്ടിരിക്കുകയാണ്. ടീച്ചർ തീർച്ചയായും തനിക്കു സമാനമാക്കി മാറ്റും.

ബാബ പറയുകയാണ് ഞാൻ നിങ്ങളെ എന്നെക്കാൾ ഉയർന്ന ഡബിൾ കിരീടധാരിയാക്കി മാറ്റുന്നു. ഓർമ്മയിലൂടെ ലൈറ്റിന്റെ കിരീടം ലഭിക്കുന്നു, 84 ന്റെ ചക്രത്തെ അറിയുന്നതിലൂടെ നിങ്ങൾ ചക്രവർത്തിയാകുന്നു, ഇപ്പോൾ നിങ്ങൾക്ക് കർമ്മം–അകർമ്മം–വികർമ്മത്തിന്റെ ഗതിയും മനസ്സിലായിക്കഴിഞ്ഞു. സത്യയുഗത്തിൽ കർമ്മം അകർമ്മമാകുന്നു. രാവണരാജ്യത്തിൽ മാത്രമാണ് കർമ്മം വികർമ്മമാകുന്നത്. പടിയിറങ്ങി വരുന്നു, കല കുറഞ്ഞ് കുറഞ്ഞ് ഇറങ്ങുക തന്നെ വേണം. വളരെ മോശമായി മാറിയിരിക്കുന്നു. പിന്നീട് ബാബ വന്ന് ഭക്തർക്ക് ഫലം നൽകുന്നു. ലോകത്തിൽ എല്ലാവരും ഭക്തരാണ്. സത്യയുഗത്തിൽ ഒരു ഭക്തനുമുണ്ടായിരിക്കില്ല. ഭക്തി ഇവിടെയാണ്. അവിടെ ജ്ഞാനത്തിന്റെ പ്രാപ്തിയുണ്ടാകുന്നു. ഇപ്പോൾ നിങ്ങളറിയുന്നു നമ്മൾ ബാബയിൽ നിന്നും പരിധിയില്ലാത്ത പ്രാപ്തി എടുത്തുകൊണ്ടിരിക്കുകയാണ്. ആർക്കു വേണമെങ്കിലും ആദ്യമാദ്യം ഈ ലക്ഷ്മീ നാരായണന്റെ ചിത്രത്തിന് മേൽ മനസ്സിലാക്കി കൊടുക്കൂ. ഇന്നേയ്ക്ക് 5000 വർഷങ്ങൾക്കുമുമ്പ് ഇവരുടെ രാജ്യമായിരുന്നു, വിശ്വത്തിൽ സുഖം–ശാന്തി–പവിത്രത എല്ലാം ഉണ്ടായിരുന്നു, വേറെ ഒരു ധർമ്മവുമുണ്ടായിരുന്നില്ല. ഈ സമയത്താണെങ്കിൽ അനേക ധർമ്മങ്ങളാണ്, ആ ആദ്യ ധർമ്മം ഇപ്പോഴില്ല, പിന്നീട് ഈ ധർമ്മത്തിന് തീർച്ചയായും വരണം. ബാബയിപ്പോൾ വളരെ സ്നേഹത്തോടുകൂടി പഠിപ്പിക്കുന്നു. ഒരു യുദ്ധത്തിന്റെയൊന്നും കാര്യമില്ല, യാചക ജീവിതമാണ്, അന്യ രാജ്യമാണ്, തന്റെ എല്ലാം ഗുപ്തമാണ്. ബാബയും ഗുപ്തമായാണ് വന്നത്. ആത്മാക്കൾക്കിരുന്ന് മനസ്സിലാക്കി കൊടുക്കുന്നു. ആത്മാവ് തന്നെയാണ് എല്ലാം ചെയ്യുന്നത്. ശരീരത്തിലൂടെ പാർട്ടഭിനയിക്കുന്നു. എപ്പോഴാണോ ബാബ ഗുപ്തരീതിയിൽ വരുന്നത് അപ്പോൾ നിങ്ങൾ കുട്ടികൾക്ക് ഗുപ്ത ദാനത്തിൽ വിശ്വത്തിന്റെ ചക്രവർത്തി പദവി നൽകുന്നു. നിങ്ങളുടെ എല്ലാം ഗുപ്തമായതുകൊണ്ട് ആചാര രീതിയിൽ കന്യകമാർക്ക് സ്ത്രീധനം ഗുപ്തമായി നൽകുന്നു. യഥാർത്ഥത്തിൽ മഹിമയുണ്ട് – ഗുപ്ത ദാനം മഹാ പുണ്യം. രണ്ടോ നാലോ പേർ അറിഞ്ഞാൽ അതിന്റെ ശക്തി കുറയുന്നു.

ബാബ പറയുകയാണ് കുട്ടികളെ നിങ്ങൾ പ്രദർശിനിയിൽ ആദ്യമാദ്യം ഈ ലക്ഷ്മീ നാരായണന്റെ ചിത്രത്തിന് മേൽ എല്ലാവർക്കും മനസ്സിലാക്കി കൊടുക്കൂ. നിങ്ങൾ ആഗ്രഹിക്കുന്നുണ്ടല്ലോ – വിശ്വത്തിൽ ശാന്തി വേണമെന്ന്. പക്ഷെ അതെപ്പോഴായിരുന്നു, ഇത് ആരുടെ ബുദ്ധിയിലുമില്ല. ഇപ്പോൾ നിങ്ങൾക്കറിയാം– സത്യയുഗത്തിൽ പവിത്രത, സുഖം, ശാന്തി എല്ലാം ഉണ്ടായിരുന്നു, ഇന്നയാൾ സ്വർഗ്ഗവാസിയായിയെന്ന് ഓർമ്മിക്കാറുണ്ട്, ഒന്നും തന്നെ മനസ്സിലാക്കുന്നില്ല. ആർക്ക് എന്താണോ തോന്നുന്നത് അത് പറയുന്നു, യാതൊരു അർത്ഥവുമില്ല. ഇത് ഡ്രാമയാണ്. മധുര–മധുരമായ കുട്ടികളുടെ ബുദ്ധിയിൽ നമ്മൾ 84 ന്റെ ചക്രം കറക്കുന്നവെന്ന ജ്ഞാനമുണ്ട്. ബാബയിപ്പോൾ വന്നിരിക്കുകയാണ്– പതിത ലോകത്തു നിന്നും പാവന ലോകത്തിലേയ്ക്ക് കൊണ്ടു പോകുന്നതിന്. ബാബയുടെ ഓർമ്മയിലിരുന്ന് ട്രാൻസ്ഫറായി പോകുന്നു. മുള്ളിൽ നിന്ന് പുഷ്പമാകുന്നു. പിന്നീട് നമ്മൾ ചക്രവർത്തീ രാജാവാകും. രാജാവാക്കുന്നത് ബാബയാണ്. ബാബ പരമാത്മാവാണ് അതിനാൽ സദാ പവിത്രമാണ്. പവിത്രമാക്കി മാറ്റാൻ ബാബ തന്നെയാണ് വരുന്നത്. സത്യയുഗത്തിൽ നിങ്ങൾ സുന്ദരമായി മാറും. അവിടെ സ്വാഭാവിക സൗന്ദര്യമായിരിക്കും. ഇന്നത്തെക്കാലത്താണെങ്കിൽ കൃത്രിമമായി അലങ്കരിക്കാറുണ്ടല്ലോ. എന്തെല്ലാം ഫാഷനാണ് വന്നിരിക്കുന്നത്. എങ്ങനെയെങ്ങനെയുള്ള വസ്ത്രമാണ് ധരിക്കുന്നത്. മുമ്പ് ഒരുപാട് സ്ത്രീകൾ ആരുടെയും

ദൃഷ്ടി പെടാതിരിക്കാൻ മൂടുപടമിട്ട് ജീവിച്ചിരുന്നു. ഇപ്പോഴാണെങ്കിൽ കുറെ കൂടി തുറന്നു വെച്ചിരിക്കുകയാണ്, അതിനാൽ അവിടവിടെ അശുദ്ധി വർദ്ധിച്ചിരിക്കുന്നു. ബാബ പറയുകയാണ് – മോശമായത് കേൾക്കരുത്.

രാജാവിൽ പവർ(ശക്തി) ഉണ്ട്. ഈശ്വരാർത്ഥം ദാനം ചെയ്യുകയാണെങ്കിൽ അതിൽ ശക്തിയുണ്ടാകുന്നു. ഇവിടെ ആരിലും ശക്തിയില്ല, ആർക്ക് എന്ത് തോന്നുന്നുവോ അത് ചെയ്തുകൊണ്ടിരിക്കുന്നു. വളരെ മോശമായ മനുഷ്യരാണ്. നിങ്ങൾ വളരെ സൗഭാഗ്യശാലികളാണ് നിങ്ങളെ തോണിക്കാരൻ കൈപിടിച്ചിരിക്കുകയാണ്. കല്പ കല്പം നിമിത്തമായവർ നിങ്ങൾ തന്നെയാണ്. നിങ്ങൾക്കറിയാം ആദ്യത്തെ മുഖ്യമായിട്ടുള്ളത് ദേഹാഭിമാനമാണ്, അതിന് ശേഷമാണ് എല്ലാ ഭൂതവും വരുന്നത്. പ്രയത്നിക്കണം സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ, ഇതൊരു കടുപ്പമുള്ള മരുന്നൊന്നുമല്ല. കേവലം പറയുന്നു സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. പിന്നീട് എത്ര വേണമെങ്കിലും ബാബയുടെ ഓർമ്മയിൽ ജോലി ചെയ്യൂ, ഒരിക്കലും ക്ഷീണിക്കില്ല. ഭാരരഹിതമാകും. ഒരുപാട് സഹായം ലഭിക്കുന്നു. നിങ്ങൾ മാസ്റ്റർ സർവ്വ ശക്തിവാനായി മാറുന്നു. നിങ്ങൾക്കറിയാം നമ്മൾ വിശ്വത്തിന്റെ അധികാരിയായി മാറിയിരിക്കുന്നു, ബാബയുടെയടുത്ത് വന്നിരിക്കുകയാണ് യാതൊരു ബുദ്ധിമുട്ടും നൽകുന്നില്ല. കുട്ടികളോട് കേവലം പറയുന്നു മോശമായത് കേൾക്കരുത്. ആരാണോ സേവാധാരി കുട്ടികൾ അവരുടെ മുഖത്തു നിന്നും സദാ ജ്ഞാന രത്നങ്ങൾ മാത്രമേ പുറത്തു വരൂ. ജ്ഞാനത്തിന്റെ കാര്യമല്ലാതെ വേറെ ഒരു കാര്യവും മുഖത്തുനിന്നും വരാൻ സാധിക്കില്ല. നിങ്ങൾ വെറുതെ പരദൂഷണം പോലുള്ള കാര്യങ്ങൾ ഒരിക്കലും കേൾക്കരുത്. സേവനം ചെയ്യുന്നവരുടെ മുഖത്തു നിന്നും സദാ ജ്ഞാന രത്നങ്ങൾ മാത്രമേ വരുകയുള്ളൂ. ജ്ഞാനത്തിന്റെ കാര്യമല്ലാതെ ബാക്കിയെല്ലാം കല്ലേറിയലാണ്. കല്ലെറിയുന്നില്ലായെങ്കിൽ ജ്ഞാനരത്നങ്ങൾ നൽകുന്നു അല്ലെങ്കിൽ കല്ലെറിയുമോ അഥവാ ജ്ഞാന രത്നങ്ങൾ നൽകുമോ, അതിന്റെ മൂല്യം നിർണ്ണയിക്കാൻ സാധിക്കില്ല. ബാബ വന്ന് നിങ്ങൾക്ക് ജ്ഞാന രത്നങ്ങൾ നൽകുന്നു.

കുട്ടികൾക്കറിയാം ബാബ വളരെ–വളരെ മധുരമാണ്, പകുതി കല്പമായി പാടി വരുകയാണ്, അങ്ങ് തന്നെയാണ് മാതാവും പിതാവും....... പക്ഷെ ഒന്നും തന്നെ മനസ്സിലാക്കിയിരുന്നില്ല. തത്തയെ പോലെ കേവലം പാടിയിരുന്നു. നിങ്ങൾ കുട്ടികൾക്ക് വളരെയധികം സന്തോഷമുണ്ടായിരിക്കും. ബാബ നമുക്ക് പരിധിയില്ലാത്ത സമ്പത്ത് വിശ്വത്തിന്റെ ചക്രവർത്തീ പദവി നൽകുന്നു. 5000 വർഷങ്ങൾക്ക് മുമ്പ് നമ്മൾ വിശ്വത്തിന്റെ അധികാരിയായിരുന്നു. ഇപ്പോൾ അല്ല, വീണ്ടും ആവും. ശിവബാബ ബ്രഹ്മാവിലൂടെ സമ്പത്ത് നൽകുന്നു. ബ്രാഹ്മണ കുലം വേണമല്ലോ. ഭാഗീരഥമെന്ന് പറയുന്നതിലൂടെയൊന്നും അറിയാൻ കഴിയില്ല അതുകൊണ്ട് ബ്രഹ്മാവും പിന്നെ ബ്രഹ്മാവിന്റെ ബ്രാഹ്മണ കുലവും. ബ്രഹ്മാവിന്റെ ശരീരത്തിൽ പ്രവേശിക്കുന്നതുകൊണ്ട് അദ്ദേഹത്തെ ഭാഗീരഥമെന്ന് പറയുന്നു. ബ്രഹ്മാവിന്റെ കുട്ടികൾ ബ്രാഹ്മണരാണ്. കുടുമ ബ്രാഹ്മണനാണ്. വിരാട രൂപവും അങ്ങനെയുണ്ടായതാണ്, മുകളിൽ ബാബ പിന്നീട് ഈശ്വരീയ സന്താനങ്ങളായി മാറിയ സംഗമയുഗീ ബ്രാഹ്മണർ. നിങ്ങൾക്കറിയാം ഇപ്പോൾ നമ്മൾ ഈശ്വരീയ സന്താനങ്ങളാണ് പിന്നീട് ദൈവീക സന്താനമാകുമ്പോൾ ഡിഗ്രി കുറഞ്ഞു പോകും. ഈ ലക്ഷ്മീ നാരായണന്റെ ഡിഗ്രിയും കുറവാണ്, എന്തുകൊണ്ടെന്നാൽ ഇവരിൽ ജ്ഞാനമില്ല. ബ്രാഹ്മണരിലാണ് ജ്ഞാനമുള്ളത്. പക്ഷെ ലക്ഷ്മീ നാരായണനെ അജ്ഞാനിയെന്ന് പറയുകയില്ല. ഇവർ ജ്ഞാനത്തിലൂടെയാണ് ഈ പദവി നേടിയത്. നിങ്ങൾ ബ്രാഹ്മണർ വളരെയധികം ഉയർന്നവരാണ് പിന്നീട് ദേവതയായി മാറുമ്പോൾ ഒരു ജ്ഞാനവുമുണ്ടായിരിക്കില്ല, അവരിൽ ജ്ഞാനമുണ്ടാകുമ്പോൾ ദൈവീക വംശത്തിലേയ്ക്ക് പോകുന്നു. മധുര–മധുരമായ കളഞ്ഞു പോയി തിരികെ കിട്ടിയ കുട്ടികൾക്ക് എല്ലാ രഹസ്യവും, എല്ലാ യുക്തികളും പറഞ്ഞു തരുകയാണ്. ട്രെയിനിലിരിക്കുമ്പോഴും നിങ്ങൾക്ക് സേവനം ചെയ്യാൻ സാധിക്കും. ഒരു ചിത്രത്തിൽ തന്നെ പരസ്പരം ഇരുന്ന് സംസാരിക്കുകയാണെങ്കിൽ അനേകർ ഒരുമിച്ചു കൂടും. ആരാണോ ഈ കുലത്തിലുള്ളവർ അവർ നല്ല രീതിയിൽ ധാരണ ചെയ്ത് പ്രജയായി മാറും. ചിത്രങ്ങളെല്ലാം സേവനത്തിന് വേണ്ടി വളരെ നല്ലതാണ്. നമ്മൾ ഭാരതവാസികൾ ആദ്യം ദേവീ–ദേവതകളായിരുന്നു, ഇപ്പോൾ ഒന്നുമല്ല. പിന്നീട് ചരിത്രം ആവർത്തിക്കുന്നു. ഇടയ്ക്ക് ഈ സംഗമയുഗമുണ്ട്, ഇതിൽ നിങ്ങൾ പുരുഷോത്തമരായി മാറുന്നു. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം

1. ജ്ഞാനത്തിന്റെ കാര്യങ്ങളല്ലാതെ വേറെ ഒരു കാര്യവും മുഖത്തുനിന്ന് വരരുത്. ആവശ്യമില്ലാത്ത കാര്യങ്ങൾ ഒരിക്കലും കേൾക്കരുത്. മുഖത്തു നിന്നും സദാ ജ്ഞാന രത്നങ്ങൾ വന്നുകൊണ്ടിരിക്കണം, കല്ല് വരരുത്.

2. സേവനത്തോടൊപ്പം ഓർമ്മയുടെ യാത്രയിലിരുന്ന് സ്വയത്തെ നിരോഗിയാക്കണം. അവിനാശീ സർജനായ സ്വയം ഭഗവാനെ നമുക്ക് ലഭിച്ചിരിക്കുകയാണ് 21 ജന്മത്തേയ്ക്ക് വേണ്ടി നിരോഗിയാക്കി മാറ്റുന്നതിന്... ഈ ലഹരിയിലും സന്തോഷത്തിലുമിരിക്കണം.

## വരദാനം:- ഓരോ കർമ്മത്തിലും അച്ഛനെ ഫോളോ ചെയ്ത് സ്നേഹത്തിനുള്ള മറുപടി കൊടുക്കുന്ന തീവ്രപുരുഷാർത്ഥിയായി ഭവിക്കട്ടെ.

ആരോട് സ്നേഹമുണ്ടോ അവരെ സ്വതവേ ഫോളോ ചെയ്യേണ്ടതുണ്ട്. സദാ ഓർമ്മയുണ്ടായിരിക്കണം ഈ ചെയ്തുകൊണ്ടിരിക്കുന്ന കർമ്മം അച്ഛനെ ഫോളോ ചെയ്യലാണോ? അല്ല എങ്കിൽ അത് നിർത്തൂ. ബാബയെ കോപ്പി ചെയ്ത് ബാബക്ക് സമാനമാകൂ. കോപ്പിയെടുക്കുന്നതിന് വേണ്ടി കാർബൺ പേപ്പർ വെക്കുന്നത് പോലെ ശ്രദ്ധയാകുന്ന പേപ്പർ വെക്കൂ എങ്കിൽ കോപ്പിയാകും, എന്തുകൊണ്ടെന്നാൽ ഇപ്പോൾ തന്നെയാണ് തീവ്രപുരുഷാർത്ഥിയായി സ്വയത്തെ ഓരോ ശക്തികളെക്കൊണ്ടും സമ്പന്നമാക്കാനുള്ള സമയം. അഥവാ സ്വയം സ്വയത്തെ സമ്പന്നമാക്കാൻ കഴിയുന്നില്ലെങ്കിൽ സഹയോഗം സ്വീകരിക്കൂ. അതല്ലെങ്കിൽ മുന്നോട്ട് പോകവേ ടൂ ലേറ്റായിപ്പോകും.

## സ്ലോഗൻ:- സന്തുഷ്ടതയുടെ ഫലം പ്രസന്നതയാണ്, പ്രസന്നചിത്തരാകുന്നതിലൂടെ പ്രശ്നം സമാപ്തമാകുന്നു.

**അവ്യക്ത സൂചനകൾ- ആത്മീയ സ്ഥിതിയിൽ ഇരിക്കുന്നതിന്റെ അഭ്യാസം ചെയ്യൂ, അന്തർമുഖിയാകൂ.** ഏതൊരു ദുർബ്ബല ആത്മാവിന്റെയും ദുർബ്ബലത കാണരുത്. ഇത് ഓർമ്മയുണ്ടായിരിക്കണം വൈവിദ്ധ്യമായ ആത്മാക്കളാണ്. എല്ലാവരെ പ്രതിയും ആത്മീയ ദൃഷ്ടി വെക്കണം. ആത്മാ രൂപത്തിൽ അവരെ സ്മൃതിയിൽ കൊണ്ടുവരുന്നതിലൂടെ ശക്തി കൊടുക്കാൻ കഴിയും. ആത്മാവ് സംസാരിച്ചുകൊണ്ടിരിക്കുകയാണ്, ഇത് ആത്മാവിന്റെ സംസ്കാരമാണ്, ഈ പാഠം ഉറപ്പിക്കൂ എങ്കിൽ സർവ്വരെ പ്രതിയും ശുഭഭാവന ഉണ്ടായിരിക്കും.